Day 30 of 90 days 24th November 2016 Thursday

## പ്രാർത്ഥന സങ്കീർത്തനങ്ങൾ 30

**"ഉന്നതപദവിയിൽ നിന്നെൻപിഴപരമെന്നെത്താഴ്ത്തി –
എൻ പാപത്തിന്നാഴത്തിൽ ഞാൻ മുഴുകുന്നയ്യോ."**

ഞങ്ങളുടെ കർത്താവേ! അങ്ങയുടെ വിശുദ്ധ റൂഹാമൂലം ഞങ്ങളെ ആശ്വസിപ്പിച്ച്, കാരുണ്യവാനും സകല ആശ്വാസവും നൽകുന്നവനുമായ ഞങ്ങളുടെ ദൈവമേ, അങ്ങയുടെ വിശുദ്ധ ശ്ലീഹന്മാരുടെമേൽ തീനാവുകൾ പോലെ അങ്ങയുടെ വിശുദ്ധ റൂഹാ വസിച്ചതായ ആ സ്വർഗ്ഗീയാനുഭവം അടിയങ്ങൾക്കും നൽകി അനുഗ്രഹിക്കണമെ. ഞങ്ങളുടെ സങ്കേതമായ കർത്താവേ! അടിയങ്ങൾ അങ്ങയെ പുകഴ്ത്തുന്നു, വാഴ്ത്തി പാടുന്നു. കർത്താവേ! ഞങ്ങളുടെ ശത്രുക്കൾ, ഞങ്ങളെക്കുറിച്ചു സന്തോഷിക്കാൻ അവിടുന്ന് ഇടയാകരുതേ. ഞങ്ങളുടെ ദൈവമായ കർത്താവേ! ഞങ്ങൾ അങ്ങയോട് നിലവിളിക്കുന്നു. അവിടുന്ന് അടിയങ്ങളെ സൗഖ്യമാക്കി സമാധാനപ്പെടുത്തണമെ. യഹോവയായ ദൈവമേ! അവിടുന്ന് ഞങ്ങളുടെ പ്രാണനെ പാതാളത്തിൽ നിന്ന് കരേററി രക്ഷയുടെ പാതയിൽ എത്തിച്ചിരിക്കുന്നതിനാൽ അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു. ഞങ്ങളുടെ പ്രാണൻ വീണ്ടും കുഴിയിൽ ഇറങ്ങിപ്പോകാതിരിക്കേണ്ടതിനു അവിടുന്ന് ഞങ്ങൾക്ക് ജീവരക്ഷ വരുത്തിയതിനാൽ അങ്ങയെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു. കർത്താവേ! അവിടുത്തെ വിശുദ്ധന്മാരോടു ചേർന്നു നിന്ന് സ്തുതി പാടുവാനും അവിടുത്തെ വിശുദ്ധനാമത്തിനു സ്തോത്രം ചെയ്യുവാനും ഇടയാക്കണമെ. കർത്താവേ! അടിയങ്ങളോടുള്ള അങ്ങയുടെ കോപം ക്ഷണനേരത്തേക്ക് ഉള്ളതാണെങ്കിലും അവിടുത്തെ പ്രസാദവും അനുഗ്രഹവും ഞങ്ങളുടെ ജീവിതകാലം മുഴുവനും അനുഭവിക്കാൻ ഇടയാക്കണമെ. കർത്താവേ! അടിയങ്ങൾ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ചിന്തയിലൂടെയും അങ്ങയെ പ്രസാദിപ്പിച്ച്, അടിയങ്ങളെ അങ്ങയുടെ വിശുദ്ധ പർവ്വതത്തിൽ ഉറപ്പിച്ചു നിർത്തുമാറാകണമെ. കർത്താവേ! അടിയങ്ങൾ അങ്ങയോട് നിലവിളിക്കുന്നു. യഹോവയോട് യാചിക്കുന്നു, കേട്ട് ഉത്തരമരുളണമെ, കരുണയുണ്ടാകണമെ, ഞങ്ങളുടെ രക്ഷകനായിരിക്കണമെ, ആത്മീയസന്തോഷം നൽകണമെ. ഞങ്ങൾ മൗനമായിരിക്കാതെ, എപ്പോഴും അങ്ങയെ സ്തുതിക്കുവാനും സ്തോത്രം ചെയ്യുവാനും തക്കവണ്ണം അടിയങ്ങളുടെ നാവിനെയും ചുണ്ടിനെയും ഒരുക്കി ശുദ്ധീകരിക്കണമെ. അടിയങ്ങളുടെ ബോധവിചാരഹൃദയങ്ങളെ, പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ ഉള്ളിൽ ആയിരിക്കുവാൻ സഹായിക്കണമെ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ, ആമേൻ.